**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 274** **12-03-2025 - ൽ മറുപടിയ്ക്ക്**

**കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഡെറാഡൂണിൽ നടന്ന 38-ാമത് ദേശീയ ഗെയിംസിൽ, ചരിത്രത്തിലാദ്യമായി സംസ്ഥാനം പതിനാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രാഥമിക വിലയിരുത്തലിൽ അത്‌ലറ്റിക്സ് കായിക ഇനത്തിൽ നിലവിൽ നാഷണൽ ചാമ്പ്യൻഷിപ്പുകളിൽ മെഡൽ ജേതാക്കളായ കേരളത്തിന്റെ മികച്ച കായിക താരങ്ങളിൽ ചിലർ പരിക്കുകാരണം നാഷണൽ ഗെയിംസിൽ പങ്കെടുക്കാതിരുന്നതും ഗോവയിൽ നടന്ന 37-മത് നാഷണൽ ഗെയിംസിൽ കേരളം 22 മെഡൽ കരസ്ഥമാക്കിയ കായിക ഇനമായ കളരിപ്പയറ്റ് 38-മത് നാഷണൽ ഗെയിംസിൽ മത്സര ഇനം അല്ലാതെ പ്രദർശന ഇനം മാത്രമായി ഉൾപ്പെടുത്തിയതും പതിനാലാം സ്ഥാനത്തേക്ക് എത്തിയതിന് കാരണമായിട്ടുണ്ട്.<br><br>എന്നാൽ അത്‌ലറ്റിക്സ്, അക്വാട്ടിക്സ്, റോവിംഗ്, വോളീബോൾ, തയ്ക്കോൺഡോ, വെയ്‌ലിഫ്റ്റിംഗ്, വുഷു, ഫുട്ബോൾ, എന്നീ ഇനങ്ങളിൽ സ്വർണ്ണ മെഡലും, ജിംനാസ്റ്റിക്സ്, ബാസ്കറ്റ്ബോൾ, ജൂഡോ, ബീച്ച് ഹാന്റ്ബോൾ, നെറ്റ്ബോൾ, സൈക്ളിംഗ് എന്നീ ഇനങ്ങളിൽ വെള്ളി മെഡലും, ഖോ ഖോ, ഫെൻസിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നീ കായിക ഇനങ്ങളിൽ വെങ്കല മെഡലും നേടി കേരളം മികവ് പുലർത്തിയിട്ടുണ്ട്. ഇവയിൽ ഫുട്ബോൾ, വുഷു, വെയ്‌ലിഫ്റ്റിംഗ് എന്നീ കായിക ഇനങ്ങളിൽ കേരളം ആദ്യമായി സ്വർണ്ണ മെഡൽ കരസ്ഥമാക്കിയിരിക്കുകയാണ്.<br><br>ഉത്തരാഖണ്ഡിൽ നടന്ന 38-ാം ദേശീയ ഗെയിംസിൽ മത്സരം നടന്ന 34 ഇനങ്ങളിൽ 17-ലും കേരളം മെഡൽ നേടിയിട്ടുണ്ട്.<br><br>38-മത് നാഷണൽ ഗെയിംസിൽ കേരളം പ്രതീക്ഷിച്ച മികവിലേക്ക് എത്താത്തതിനുള്ള സാഹചര്യം |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നതിനായി വിശദമായ പരിശോധന നടത്തി, കായിക സംഘടനകളുമായി ചർച്ച ചെയ്ത് അടുത്ത ദേശീയ ഗെയിംസിൽ കേരളം മികവിലേക്ക് എത്തുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തി അവ നടപ്പാക്കുന്നതിനുമുള്ള വിശദമായ മാർഗ്ഗരേഖ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിക്കുന്നതാണ്. |
| (ബി) | കായിക സംഘടനകൾ സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേരള ഒളിമ്പിക്സ് അസ്സോസിയേഷൻ സർക്കാരിൽ നിന്നും കൈപ്പറ്റിയ ഗ്രാന്റ് സംബന്ധിച്ച് സമർപ്പിച്ച വരവ്-ചിലവ് കണക്കിൽ സെക്രട്ടറിയേറ്റ് മാർച്ച് നടത്തിയതിന്റെ ചിലവ് കൂടി ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്.<br><br>ഹോക്കി അസോസിയേഷൻ ഈ സർക്കാർ കാലയളവിൽ ബഡ്ജറ്റിൽ 56 ലക്ഷം രൂപയും സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ഇനത്തിൽ 23.83 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. എന്നാൽ കേരളാ ഹോക്കി ടീമിന് ദേശീയ ഗെയിംസിൽ വർഷങ്ങളായി യോഗ്യത നേടാൻ പോലും കഴിഞ്ഞിട്ടില്ല. |
| (സി) | കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതികളും നിക്ഷേപങ്ങളും ആകർഷിക്കുന്നതിന് 2024 ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വെച്ച് അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റ് സംഘടിപ്പിച്ചിരുന്നു. വിവിധ മേഖലകളിലായി നിരവധി പദ്ധതികളും നിക്ഷേപ വാഗ്ദാനങ്ങളും ഈ സമ്മിറ്റിൽ ലഭ്യമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനം, അടിസ്ഥാന കായിക പരിശീലനം, ഇ സ്പോർട്സ്, ലീഗുകൾ എന്നീ വിഭാഗങ്ങളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രതിഭയുള്ള കായിക താരങ്ങളെ കണ്ടെത്തി പരിശീലിപ്പിച്ച് ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എല്ലാ വർഷവും വിവിധ ജില്ലകളിൽ 6-ാം ക്ലാസ്സ് മുതലുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. 21 കായിക ഇനങ്ങളിലായി വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാഡമികളിലേക്ക് കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നു.<br><br>നീന്തലിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും നിയന്ത്രണത്തിലുള്ള നീന്തൽക്കുളങ്ങളിൽ സ്കൂൾ കുട്ടികൾക്ക് നീന്തൽ |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൊല്ലം, കോട്ടയം പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ നീന്തൽ പരിശീലന പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു.<br><br>വനിത ഫുട്ബോളിൽ അന്തർദേശീയ നിലവാരം ലക്ഷ്യം കണ്ടുകൊണ്ട് അണ്ടർ 14 വനിതാ അക്കാദമി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.<br><br>കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടി ഹൂപ്പ്സ്, സ്പ്രിന്റ്, ഹെൽത്തി കിഡ്സ് പ്രോഗ്രാം, ജൂഡോക, പഞ്ച്, ഗോൾ, സ്പ്ലാഷ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കായിക മേഖലയെ ദേശീയ, അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ / സിന്തറ്റിക് ടർഫ്, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിംഗ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യവികസന പദ്ധതികൾ, ഖേലോ ഇന്ത്യ പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കായിക സംഘടനകൾക്കുള്ള സഹായം നൽകുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കായിക സംഘടനകൾക്കുള്ള സഹായം നൽകുന്നതിൽ കുടിശികയുണ്ട്.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് ബഡ്ജറ്റ് വിഹിതമായി പ്ലാൻ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 34 കോടി രൂപ വകയിരുത്തിയിരുന്നു. 38 മത് നാഷണൽ ഗെയിംസിനു അനുവദിച്ച 4.50 കോടി രൂപ ഉൾപ്പെടെ 19.70 കോടി രൂപ സ്പോർട്സ് കൗൺസിലിനു അനുവദിച്ചിരുന്നു. ദേശീയ ഗെയിംസിന് അനുവദിച്ച 4.5 കോടിയിൽ 37.82 ലക്ഷം രൂപ പരിശീലന ക്യാമ്പുകൾക്ക് അഡ്വാൻസായി കായിക അസോസ്സിയേഷനുകൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഹൂപ്സ്

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെട്ടവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21 ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിൽ വെച്ച് നടത്തപ്പെട്ടു. 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

### സ്പ്രിന്റ്

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഈ പദ്ധതിയിലൂടെ പരിശീലനം നൽകി വരുന്നു.

### ഹെൽത്തി കിഡ്സ് പ്രോഗ്രാം

SCERT അംഗീകരിച്ച ഫിസിക്കൽ എജ്യൂക്കേഷൻ കരിക്കുലം ഉപയോഗിച്ച് പ്രൈമറി സ്കൂൾ കുട്ടികളിൽ കായിക അഭിരുചി ഉണ്ടാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ് പ്രോഗ്രാം.

### ജൂഡോക

അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് 10 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു കേന്ദ്രത്തിൽ 8 മുതൽ 11 വയസ്സ് പ്രായമുള്ള 40 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. ആദ്യ ഘട്ടം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുകയും തുടർ നടത്തിപ്പിനുള്ള ചുമതല കേരള സംസ്ഥാന സ്പോർട്സ്

കൗൺസിലിനു നൽകിയിട്ടുണ്ട്.

**പഞ്ച്**

കേരളത്തിലെ വിദ്യാർത്ഥികൾക്ക് ബോക്സിങ് എന്ന കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തമാക്കുന്നതിനുമായി, ഒരു ഗ്രാസ്റൂട്ട് പരിശീലന പരിപാടി പഞ്ച് എന്ന പേരിൽ സംസ്ഥാനത്തെ 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. ബോക്സിങ്ങിനെക്കുറിച്ചുള്ള അറിവും മൂല്യങ്ങളും കേരളത്തിലുടനീളം പ്രചരിപ്പിക്കാൻ സഹായിക്കുന്ന ഒരു പ്രധാന പദ്ധതിയാണിത്. ആദ്യ ഘട്ടം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുകയും തുടർ നടത്തിപ്പിനുള്ള ചുമതല കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു നൽകിയിട്ടുണ്ട്.

**ഗോൾ**

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കുക എന്നത് ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഗോൾ. പ്രസ്തുത പദ്ധതി എല്ലാ നിയോജകമണ്ഡലങ്ങളിലും 140 സെന്ററുകളിലായി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കാനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നിർദേശം നൽകിയിട്ടുമുണ്ട്.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം**

ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്.

**ഖേലോ ഇന്ത്യ പദ്ധതി**

രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഖേലോ ഇന്ത്യ പദ്ധതി. ഈ പദ്ധതിയിൽ കായിക അടിസ്ഥാന സൗകര്യവികസനം, കമ്മ്യൂണിറ്റി കോച്ചിംഗിൻറെ പ്രോത്സാഹനം, സ്കൂൾ, യൂണിവേഴ്സിറ്റി തലങ്ങളിൽ മത്സരങ്ങൾ, സ്പോർട്സ് അക്കാഡമികളെ പ്രോത്സാഹിപ്പിക്കൽ, സ്കൂൾ തലത്തിൽ കായികക്ഷമത വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു.

**കോളേജ് സ്പോർട്സ് ലീഗ്**

കോളേജ് സ്പോർട്സ് മത്സരങ്ങൾ ജനപ്രിയമാക്കുക, വാണിജ്യവൽകരിക്കുക എന്നീ ലക്ഷ്യങ്ങളോടെ കോളേജ് സ്പോർട്സ് ലീഗ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി ഗവണിംഗ് ബോഡി രൂപീകരിച്ചിട്ടുണ്ട്. കോളേജുകളിൽ രൂപീകരിക്കുന്ന കോളേജ് സ്പോർട്സ് കൗൺസിലുകളിലൂടെയായിരിക്കും മത്സരങ്ങൾ സംഘടിപ്പിക്കുക. ഹോം, എവേ മത്സരങ്ങളായി സംഘടിപ്പിക്കാനുദ്ദേശിക്കുന്ന ലീഗ് കോളേജ് വിദ്യാർത്ഥികൾക്കിടയിൽ സംരഭകത്വം വളർത്തുന്നതിനും സഹായകരമാകുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**<u>ഇ-സ്പോർട്സ് സെന്റർ</u>**

ഒളിമ്പിക്സിലുൾപ്പെടെയുള്ള അന്താരാഷ്ട്ര കായിക മേളകളിൽ ഇ-സ്പോർട്സ് ഒരു കായിക ഇനമായി അംഗീകരിച്ചു കഴിഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇ-സ്പോർട്സിന് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. "ഹെൽത്തി ഗെയിമിംഗ്" എന്ന വീക്ഷണത്തോടെ ഇ-സ്പോർട്സ് ഗെയിംമിംഗ് പരിശീലനം നടത്തുക എന്നതാണ് സെന്ററുകളുടെ പ്രഥമ ലക്ഷ്യം. ഇതോടൊപ്പം ഇ-സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിക്കുക, പൊതുജനങ്ങൾക്ക് ഇ-സ്പോർട്സ് പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളും ഇ-സ്പോർട്സ് സെന്ററുകൾ നിറവേറ്റുന്നതായിരിക്കും.

Rajeeb Pillai

**സെക്ഷൻ ഓഫീസർ**